**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 900** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനാധിഷ്ഠിത പ്രകൃതിവിഭവങ്ങളുടെ സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനാധിഷ്ഠിത പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി സംഭരിക്കുന്നതിനും അവയുടെ മൂല്യവർദ്ധനവ് നടത്തി ആദിവാസി സമൂഹത്തിന് ജീവ സന്ധാരണം നടത്തുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | വനാധിഷ്ഠിത പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി സംഭരിക്കുന്നതിനും അവയുടെ മൂല്യവർദ്ധനവ് നടത്തി വിപണിയിലെത്തിച്ച് ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാക്കുന്നതിനുമായി വിവിധ ഫോറസ്റ്റ്ഡെവലപ്പ്മെന്റ് ഏജൻസികളുടെ (FDA) കീഴിൽ വനശ്രീ. ഇക്കോഷോപ്പുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ TRIFED (Tribal Cooperative Marketing Development Federation of India Limited) ന്റെ ധനസഹായത്തോടെ ചുവടെ ചേർത്തിട്ടുള്ള രണ്ട് പദ്ധതികൾ കൂടി നടപ്പിലാക്കിവരുന്നു. 1) ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില( MSP for MFP-MInimum Support Price for Minor Forest Produce) MSP for MFP പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വനവിഭവങ്ങൾക്ക് സുനിശ്ചിതമായ താങ്ങുവില ഉറപ്പാക്കുന്നു. കേരളത്തിൽ ശതാവരി, പുൽച്ചൂല് തുടങ്ങിയവയ്ക്ക് നിലവിലെ വിപണി വിലയേക്കാൾ കൂടുതൽ വില ഈ പദ്ധതി വഴി ലഭ്യമാകുന്നു. ഇതോടൊപ്പം, പുതുതായി വിപണന സംസ്കരണ കേന്ദ്രങ്ങൾ നിർമ്മിക്കുവാനും, നിലവിലെ വിപണന കേന്ദ്രങ്ങൾ നവീകരിക്കുവാനും സഹായം ലഭിക്കുന്നു. 2) വൻ ധൻ വികാസകേന്ദ്ര (Van Dhan Vikas Kendra (VDVK) പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത ഗോത്ര സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു. കേരളത്തിൽ VDVK -ൽ അംഗങ്ങളായ |

| | | | |
|---|---|---|---|
| | | | എണ്ണായിരത്തോളം വനാശ്രിതർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. |
| (ബി) | ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പരമ്പരാഗത ഔഷധമൂല്യങ്ങൾ ഉള്ള വിഭവങ്ങൾക്ക് മുൻഗണന നൽകുന്നതിന് സർക്കാർ ശ്രദ്ധിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | പരമ്പരാഗത ഓഷധമൂല്യങ്ങൾ ഉള്ള വിഭവങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ടി പദ്ധതികൾ വനംവകുപ്പ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ